## കത്തുകൾ




# റമദാൻ: മാറ്റേണ്ട ആഹാരശീലങ്ങൾ

പ്രകൃതി മതമായ ഇസ്‌ലാം അനുശാസിക്കുന്നത് നമ്മുടെ ശരീരത്തിന് ഏറ്റവും അനുയോജ്യമായ ആഹാരമര്യാദകളും ഭക്ഷണക്കൂട്ടുകളുമാണ്. പക്ഷേ, ഈ ആഹാരശീലങ്ങളല്ല വ്രതാനുഷ്ഠാനത്തിന്റെ രാവുകളിൽ മുസ്‌ലിംകളിൽ കണ്ടുവരുന്നത്. ഇമാം ശാഫിഈ ഫറഞ്ഞു: "10 വർഷമായി ഞാൻ വയറു നിറയെ ഭക്ഷണം കഴിച്ചിട്ട്. വയറു നിറഞ്ഞാൽ പല ദോഷങ്ങളുമുണ്ട്. മനസ്സ് കനക്കും, ബുദ്ധി മന്ദീഭവിക്കും, ഉറക്കം വരും, ഇബാദത്തിൽ താൽപര്യം കുറയും."

ഒരു വസ്തുവിന് ദോഷമാണ് ഗുണത്തേക്കാൾ മുന്നിട്ട് നിൽക്കുന്നതെങ്കിൽ അത് വർജിക്കാനാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. ഇതനുസരിച്ച് ഗോതമ്പിന്റെ അവശിഷ്ടമായ മൈദ വർജിക്കേണ്ടതാണ്. പരീക്ഷണാർഥം മുലയൂട്ടുന്ന രണ്ട് മാതാക്കളിലൊരാൾക്ക് മൈദ കൊണ്ടുള്ളതും മറ്റേ ആൾക്ക് തവിടു കളയാത്ത കുവരക്, ഗോതമ്പ്, അരി ഇവയിലേതെങ്കിലും കൊണ്ടുള്ള വിഭവവും തുല്യമായ അളവിൽ നൽകിയാൽ മൈദ കൊണ്ടുള്ള വിഭവം മാത്രം കഴിച്ചവൾ സ്വതവേ പാൽ സമൃദ്ധമായിട്ടുള്ളവളാണെങ്കിൽ പോലും പാൽ കുറവായിരിക്കും.

നോമ്പുതുറ വേളയിൽ ഒഴിവാക്കേണ്ട മറ്റൊരു വിഭവമാണ് വറുത്ത പലഹാരങ്ങൾ. നമ്മുടെ കുട്ടികളെ വറുത്ത പലഹാരങ്ങൾ കൊണ്ട് പ്രലോഭിപ്പിച്ചാണ് നോമ്പ് തുറക്കാൻ നാം ശീലിപ്പിച്ചിട്ടുള്ളത്. 13 മണിക്കൂറിലേറെ ഒഴിഞ്ഞു കിടക്കുന്ന വയറിലേക്ക് എണ്ണയിൽ വറുത്തവ ചെല്ലുമ്പോൾ സ്വാഭാവികമായുണ്ടാകേണ്ട വിശപ്പു കുറയും, കഫം വർധിക്കും.

കുട്ടികളെ പ്രലോഭിപ്പിക്കാൻ പറ്റിയ ഒരു വിഭവമാണ് പ്രകൃതിദത്തമായ ഫ്രൂട്ട് സാലഡ്. ഞാലിപ്പൂവൻ പഴം നാളികേരപ്പാലിൽ അടിച്ചിട്ട് അതിൽ ഈത്തപ്പഴം, പൈനാപ്പിൾ എന്നിവ നുറിക്കിയിട്ടാൽ കൊതിയൂറുന്ന വിഭവമായി. മധുരമേകാൻ ശർക്കരപ്പാനി ചേർക്കാം. ഈത്തപ്പഴം തേങ്ങ ചേർത്ത് കഴിക്കുന്നത് രക്തവർധനവിനും ഊർജവർധനവിനും സഹായിക്കും. ഈ വിഭവങ്ങൾ കുട്ടികൾ ഇഷ്ടപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല. ഇന്നത്തെ അടുക്കള നിയന്ത്രിക്കുന്നത് കുട്ടികളുടെ ഇഷ്ടങ്ങളാണല്ലോ.

നബി(സ)യുടെ വീട്ടിലെ അടുപ്പ് രണ്ട് ദിവസങ്ങൾ അടുപ്പിച്ച് പുകയാറില്ലായിരുന്നു എന്ന് ഹദീസുകളിൽ കാണാം. എന്നാൽ നമുക്ക് മത്സ്യ, മാംസ വിഭവങ്ങൾ ഒഴിവാക്കിക്കൊണ്ടുള്ള ഒരു പരിപാടിയുമില്ല. നമ്മുടെ നോമ്പിന്റെ രാവുകൾ മത്സ്യ-മാംസ വിഭവങ്ങൾ കൊണ്ട് സമൃദ്ധമാണ്. പകൽ മുഴുവൻ വിശ്രമത്തിലായിരുന്ന ആന്തരികാവയവങ്ങൾ രാത്രി എത്ര മാത്രം കഷ്ടത്തിലാകും എന്നാലോചിക്കുക.

നാരങ്ങ, ഓറഞ്ച്, പപ്പായ, നെല്ലിക്ക, പൈനാപ്പിൾ തുടങ്ങിയ ഫലങ്ങൾ ശരീരത്തിൽ ക്ഷാരാംശമുണ്ടാക്കുന്നവയാണ്. സന്ധിവാത രോഗികൾക്കുത്തമവുമാണ്. എന്നാൽ തവിടു കളഞ്ഞ ധാന്യങ്ങൾ, മൈദ, ബിസ്കറ്റ്, ബേക്കറി സാധനങ്ങൾ, ചായ, കോഫി, കോള പാനീയങ്ങൾ, മത്സ്യം, മാംസം ഇവയൊക്കെ ശരീരത്തിൽ അമ്ലാംശം വർധിപ്പിക്കുന്നു. ശരീരത്തിൽ അമ്ലത ഏറുമ്പോഴാണ് രോഗമുണ്ടാകുന്നത്.

ഉരുളക്കിഴങ്ങിന്റെ തൊലി കളയുമ്പോഴാണ് അത് അമ്ലതയുണ്ടാക്കുന്നത്. നന്നായി കഴുകി തൊലി കളയാതെ ഉപയോഗിക്കുന്ന ഉരുളക്കിഴങ്ങ് ക്ഷാരാംശമാണ്. ധാന്യങ്ങളുടെ തവിടു കളയുമ്പോൾ അമ്ലാംശപ്രധാനമാകുന്നു, ഗുണം കുറയുന്നു. കാരണം ഇരുമ്പിന്റെയും വിറ്റാമിൻ ബി കോംപ്ലക്സുകളുടെയും സ്രോതസ്സ് നഷ്ടപ്പെടുന്നു. പ്രമേഹ രോഗികൾക്ക് അവശ്യം വേണ്ട നാരിന്റെ അംശം തവിടു പോകുന്നതിലൂടെ നഷ്ടമാകുന്നു. നബി(സ) കാലത്ത് റൊട്ടിയുണ്ടാക്കുന്ന ധാന്യങ്ങൾ പൊടിക്കുമ്പോൾ അവയുടെ തൊലി ഊതിക്കളയുകയാണ് ചെയ്യാറുള്ളത്. ഈ ചര്യയിലും നമുക്ക് പാഠങ്ങളുണ്ട്. നബി(സ)യുടെയും അനുചരന്മാരുടെയും ഭക്ഷണത്തിൽ പോഷകദായകമായ തവിട് നിലനിർത്തിയിരുന്നു. ബുദ്ധി വർധിപ്പിക്കാൻ അപ്രകാരം ചെയ്യുന്നതാണ് ഉത്തമം.

മുത്താറി, റാഗി, കുവരക്, പഞ്ഞപ്പുല്ല് എന്നീ പ്രാദേശിക നാമങ്ങളിലറിയപ്പെടുന്ന ധാന്യം പാവപ്പെട്ടവന്റെ ഹോർലിക്സാണ്. നാളികേരപ്പാലിൽ ഈ ധാന്യത്തിന്റെ പൊടി കൊണ്ടുണ്ടാക്കുന്ന കുറുക്ക് ശരീരം തടിപ്പിക്കാതെ ബലം നൽകും. ഊർജവും ഓജസ്സും പ്രദാനം ചെയ്യാൻ റാഗിക്കുറുക്ക്, പുട്ട്, അട (ഇലയപ്പം) എന്നിവയുണ്ടാക്കിയാൽ നോമ്പുതുറ വേളയിൽ ചെലവ് കുറഞ്ഞ പോഷകദായിനിയായി.

ശാരീരികവും ആത്മീയവുമായ ശുദ്ധി നേടാനാകുന്ന റമദാൻ എന്ന സുവർണാവസരം നാം പാഴാക്കുകയാണ്.

**സജീന ശുകൂർ, തിരുവനന്തപുരം**

# 'തഖ്‌വ' നോമ്പിന്റെ ലക്ഷ്യമോ ഫലമോ?

'സത്യവിശ്വാസികളേ! നിങ്ങളുടെ മുൻഗാമികൾക്ക് നോമ്പ് നിർബന്ധമാക്കപ്പെട്ടതുപോലെ നിങ്ങൾക്കും നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു; നിങ്ങൾ തഖ്‌വയുള്ളവരാവാൻ വേണ്ടി'- ഇങ്ങനെയാണ് വിശുദ്ധ ഖുർആനിലെ *അൽബഖറ* അധ്യായത്തിലെ 183-ാം സൂക്തം അധിക മലയാള പുസ്തകങ്ങളിലും ലേഖനങ്ങളിലും പ്രഭാഷണങ്ങളിലും വിവർത്തനം ചെയ്യപ്പെടാറ്. അറബി ഭാഷാ വ്യാകരണപ്രകാരം 'ലഅല്ല' എന്നത് 'തഅ്‌ലീൽ' (കാരണം കാണിക്കുന്നത്) അല്ല, മറിച്ച് 'തറജ്ജീ' (ആഗ്രഹ പ്രകടനം)ആണ് എന്നത് സുവിദിതമാണ്. ഇംഗ്ലീഷിലെ 'may be'എന്നതിനു പകരമുള്ള അറബിയിലെ പ്രയോഗമാണിത്.

'തഖ്‌വ'യിലൂടെ വിശ്വാസി കൈവരിക്കുന്നത് ആത്മസംസ്കരണമാണല്ലോ. ഇസ്‌ലാമിലെ നിർബന്ധാനുഷ്ഠാനങ്ങളുടെ ലക്ഷ്യം കേവലം ആത്മസംസ്കരണമോ? ആത്മസംസ്കരണം അനുഷ്ഠാനങ്ങളുടെ ഫലവും നേട്ടവുമെന്നതല്ലേ ശരി? നിർബന്ധാനുഷ്ഠാനങ്ങൾ സംബന്ധിച്ച ഖുർആൻ ആയത്തുകൾ പരിശോധിച്ചാൽ അങ്ങനെയല്ലേ മനസ്സിലാവുക? വേറെ മാർഗങ്ങളിലൂടെ ഒരു വ്യക്തി ഉദ്ദിഷ്ടമായ ആത്മസംസ്കരണം നേടിയെടുത്താൽ ഇസ്‌ലാമിലെ നിർബന്ധാനുഷ്ഠാനങ്ങൾ ഒഴിവാക്കാമെന്ന് വരികയില്ലേ?

ഡോ. യൂസുഫുൽ ഖറദാവി തന്റെ *അൽ ഇബാദത്തു ഫിൽ ഇസ്‌ലാം* എന്ന ഗ്രന്ഥത്തിൽ ഈ വിഷയം വിശദമായി കൈകാര്യം ചെയ്തിട്ടുണ്ട്. 'ഇസ്‌ലാമിൽ ഇബാദത്തിന്റെ ലക്ഷ്യം' എന്ന അധ്യായത്തിൽ അദ്ദേഹം എഴുതുന്നു: "..... ആത്മസംസ്കരണവും മനസ്സിന്റെ ശുദ്ധീകരണവും സ്വഭാവങ്ങളുടെ ഉദാത്തതയും എല്ലാം യഥാർഥ ഇബാദത്തിന്റെ അനിവാര്യമായ ഫലമാണ്, അതിന്റെ ലക്ഷ്യസംബന്ധിയായ കാരണമല്ല. അതുകൊണ്ടു അല്ലാഹു പറഞ്ഞു: *നിങ്ങൾ നിങ്ങളുടെ റബ്ബിന് ഇബാദത്ത് ചെയ്യുക... നിങ്ങൾ തഖ്‌വയുള്ളവരായേക്കാം, നിങ്ങളുടെ മുൻഗാമികൾക്ക് നോമ്പ് നിർബന്ധമാക്കപ്പെട്ടതുപോലെ നിങ്ങൾക്കും നോമ്പ് നിർബന്ധമാക്കിയിരിക്കുന്നു; നിങ്ങൾ തഖ്‌വയുള്ളവരായേക്കാം.* 'ലഅല്ല' എന്നത് ഇവിടെ 'തറജ്ജീ'യെ കുറിക്കുന്നതാണ്. 'തഅ്‌ലീലി'ന്റെ ലാമിനെയോ 'കൈ'(വേണ്ടി)യെയോ കുറിക്കുന്നതല്ല. നോമ്പ് എന്ന അനുഷ്ഠാനം അവരെ തഖ്‌വ ആഗ്രഹിക്കുന്നവരും അതിനു വേണ്ടി പ്രവർത്തിക്കുന്നവരും ആക്കിത്തീർക്കുന്നു എന്നാണതിന്റെ അർഥം."

**അബ്ദുന്നാഫിഅ്, വളാഞ്ചേരി**

# പൂക്കോയ തങ്ങളുടെ ഇസ്‌ലാമികയത്നങ്ങൾ

'കേരളത്തിൽനിന്ന് അറബിയിൽ ഒരു ഖുർആൻ വ്യാഖ്യാനം' എന്ന ലേഖനം (22.9.2007) ശ്രദ്ധേയമായി. സയ്യിദ് ഇസ്മാഈൽ പൂക്കോയ തങ്ങളുടെ മഹത്തായ ഉദ്യമങ്ങളെ നാഥൻ അനുഗ്രഹിക്കുമാറാകട്ടെ. ലേഖകൻ പറഞ്ഞതുപോലെ കേരളീയ മുസ്‌ലിംസമൂഹത്തിന്റെ ശാപമായി മാറിയ സംഘടനാ സങ്കുചിതത്വമാണ് ഇത്തരം ചിന്തകരെയും പണ്ഡിതരെയും നമുക്ക് അന്യമാക്കുന്നത്. സയ്യിദ് ഖുത്ബിനെ പറ്റി പൂക്കോയ തങ്ങൾ നടത്തുന്ന നിരീക്ഷണം അദ്ദേഹത്തിന്റെ ധൈഷണിക നിലവാരത്തിനുള്ള തെളിവാണ്. വീക്ഷണ വൈജാത്യങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ ഇത്തരം ഉന്നത വ്യക്തിത്വങ്ങളെ യഥാവിധി അംഗീകരിക്കാൻ നമുക്കാവണം. വ്യക്തികളാവട്ടെ, സംഘടനകളാവട്ടെ പ്ലസ് പോയിന്റുകൾ കണ്ടെത്തി പരമാവധി ഐക്യപ്പെടലാണ് ഇസ്‌ലാമിക രീതിയും നീതിയും.

**ജമാൽ കടന്നപ്പള്ളി**

# അധ്യാപകസമൂഹത്തെ അടച്ചാക്ഷേപിക്കുന്നു

'സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണം അധ്യാപകർക്ക്' എന്ന തലക്കെട്ടിലുള്ള ചോദ്യവും ഉത്തരവും (ലക്കം 16) വളരെ നിർഭാഗ്യകരമായിപ്പോയി. ഇതുവരെ പത്തു സ്കൂളുകളിൽ ജോലിചെയ്ത, 28 വർഷം സർവീസുള്ള ഒരധ്യാപകനാണ് ഈ കുറിപ്പുകാരൻ. ചോദ്യത്തിലെ ആരോപണങ്ങൾക്ക് യാഥാർഥ്യവുമായി ബന്ധമില്ലെന്ന് എനിക്ക് പറയാൻ കഴിയും. ചില അപവാദങ്ങൾ കണ്ടേക്കാം. ഇത് സാമാന്യവത്കരിക്കുന്നത് നീതിയല്ല. ഏതെങ്കിലും ഒരു സ്കൂളിലെ ഒരു അധ്യാപകൻ സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണം കഴിച്ചുവെങ്കിൽ കേരളത്തിലെ എല്ലാ അധ്യാപകരും അതിന്റെ പാപഭാരം പേറേണ്ടതുണ്ടോ? കുട്ടികളുടെ ഹാജറെടുത്ത ശേഷമാണ് എല്ലാ ദിവസവും അരിയും പയറും പാകം ചെയ്യുന്നത്. പിന്നെ എങ്ങനെയാണ് ഭക്ഷണം അധ്യാപകർക്കായി നീക്കിവെക്കാനുണ്ടാവുക?

ഈ ചോദ്യവും ഉത്തരവും വായിച്ച *പ്രബോധനം* വായനക്കാർ എങ്ങനെയാവും അധ്യാപകസമൂഹത്തെ നോക്കിക്കാണുക? ഇനിയെങ്കിലും ഇത്തരം ബാലിശമായ ചോദ്യങ്ങൾക്ക് ഉത്തരം നൽകാതിരിക്കുക. മുസ്‌ലിം വിഭാഗത്തിൽപെട്ടവരാണ് ഈ തെറ്റ് ചെയ്യുന്നതെന്ന ഒരു ധ്വനി കൂടി ഉത്തരത്തിൽ കാണുന്നുണ്ട്.

**എ.പി അബ്ദുൽ ഗഫൂർ**
**ജി.എം.എച്ച്.എസ്.എസ് ചാമക്കാല**

# കേവലബുദ്ധി വിധികർത്താവാകുമ്പോൾ

'വിശ്വാസനിരാസത്തിന്റെ വ്യാകുലതകൾ' എന്ന തലക്കെട്ടിൽ ശൈഖ് മുഹമ്മദ് കാരകുന്ന് എഴുതിയ ലേഖനം (ലക്കം: 15) സന്ദർഭോചിതമായി. കേവലബുദ്ധികൊണ്ട് കാര്യങ്ങൾ നോക്കിക്കാണുമ്പോൾ അബദ്ധങ്ങൾ പിണയുക സ്വാഭാവികം. ജീവിതത്തിന്റെ ഗതിവിഗതികളെക്കുറിച്ച് സ്വന്തം ബുദ്ധികൊണ്ടും ശാസ്ത്രത്തിന്റെ പിൻബലത്താലും നിർവചിക്കാൻ ശ്രമിക്കുമ്പോൾ അതിന്റെ പരിമിതികളെ കുറിച്ചു കൂടി ബോധവാനാകേണ്ടതുണ്ട്. പ്രപഞ്ചപ്രതിഭാസങ്ങളെ മനുഷ്യന്റെ ബുദ്ധികൊണ്ട് നിർവചിക്കുക സാധ്യമല്ല. അങ്ങനെ നിർവചിക്കാൻ ശ്രമിക്കുന്നവർ ഒടുവിൽ നിരാശരാവുന്നതായാണ് കാണാൻ കഴിയുന്നത്. കാൾ മാർക്സ് പുത്രൻ മരിച്ചപ്പോൾ ഏംഗൽസിനെഴുതി:

"വീട് വിജനവും ശൂന്യവുമായനുഭവപ്പെടുന്നു. വീടിന്റെ ആത്മാവായിരുന്നു അവൻ. അവന്റെ വേർപാടിൽ ഞങ്ങൾക്കു നഷ്ടപ്പെട്ടതെന്താണെന്നു വിവരിക്കുക അസാധ്യം. പല ഭാഗ്യദോഷങ്ങൾക്കും ഞാൻ വിധേയനായിട്ടുണ്ട്. ഇദംപ്രഥമമായാണ് ഞാൻ സാക്ഷാൽ ദൗർഭാഗ്യം അനുഭവിക്കുന്നത്. ഞാനാകെ തകർന്നുപോയപോലെ തോന്നുന്നു."

ഇവിടെയാണ് മൂന്നു കുഞ്ഞുങ്ങൾ മരിച്ചാൽ സ്വർഗം ലഭിക്കുമെന്ന ദൈവിക വിശ്വാസത്തിന്റെ പിൻബലത്തിൽ പ്രതീക്ഷകളോടെ ജീവിതം തുടരുന്ന ഗ്രാമീണ യുവതിക്കു മുന്നിൽ 'ദാസ് ക്യാപിറ്റൽ' എഴുതിയ ജീനിയസ് പരാജയപ്പെടുന്നത്.

ക്ഷുഭിതയൗവനത്തിന്റെ കഥകളെഴുതിയ പ്രശസ്ത കഥാകൃത്ത് യു.പി ജയരാജ് അതുകൊണ്ടാണ് അവസാനം സുഹൃത്തിനുള്ള കത്തിൽ ഇങ്ങനെ കുറിച്ചിട്ടത്: "ഞാൻ പറയുന്നതും ഞാൻ പ്രവർത്തിക്കുന്നതുമെല്ലാം എനിക്കന്യമായി തോന്നുന്നു. അന്തിമസത്യമെന്ത്? എനിക്ക് ദുഃഖങ്ങൾ ദുഃഖങ്ങൾ മാത്രം. ഈ ചപ്പടാച്ചികൾ ഞാൻ വെറുത്തുതുടങ്ങിയിരിക്കുന്നു. ഏറ്റവും അവസാനത്തെ സത്യം എവിടെയാണ്? ഞാനേത് വീരകഥകൾ പാടേണ്ടൂ? ഞാനേതു വീരേതിഹാസമെഴുതേണ്ടൂ? പറഞ്ഞുതരിക, കഷ്ടിച്ച് അഭയം പ്രാപിക്കാൻ ഞാനേതു മാളത്തിൽ വലിയേണ്ടൂ?" (*മാധ്യമം* ഓണപ്പതിപ്പ് 2007).

**സ്വലാഹുദ്ദീൻ മമ്പാട്**

# ആ പരാമർശം ശരിയല്ല

വി.പി ഇസ്മാഈൽ ഹാജിയുടെ ഓർമക്കുറിപ്പിൽ (ലക്കം 15) ഇ.വി മമ്മുക്കയുമായി ബന്ധപ്പെട്ട ഒരു സംഭവം വിവരിക്കുമ്പോൾ മുജാഹിദുകാരനായ ഒരു മുതലാളിയുടെ കീഴിൽ ജോലിചെയ്യവെ, പുറംനോട്ട് എഴുതാൻ ആവശ്യപ്പെട്ട കാര്യം വിശദീകരിച്ചത് ശരിയല്ല. അങ്ങനെ ഒരു മുജാഹിദ് മുതലാളിയും ഇവിടെ പലിശക്ക് കടം കൊടുത്തതായി അറിയില്ല. ചില പാരമ്പര്യ മുസ്‌ലിംകളിൽ ആ കാലത്തും (ഇന്നും) ഈ പ്രവണതയുണ്ടായിരുന്നു. അങ്ങനെയുള്ള ഒരാൾ ഇ.വി മമ്മുക്കയെ സമീപിച്ച് ഒരു പുറംനോട്ട് എഴുതിക്കൊടുക്കാൻ ആവശ്യപ്പെട്ടു. ഇത് എഴുതികൊടുത്താൽ ഒരു രൂപ പ്രതിഫലം കിട്ടും. അന്ന് ഇ.വി മമ്മുക്കാക്ക് പറയത്തക്ക ജോലിയില്ലായിരുന്നു. പുരയിൽ പട്ടിണിയാണ്. ആ സ്ഥിതിയിലായിട്ടും അദ്ദേഹം പുറംനോട്ട് എഴുതാൻ വിസമ്മതിക്കുകയാണുണ്ടായത്. പിന്നീട് ആ പുറംനോട്ട് മറ്റൊരാളാണ് എഴുതിക്കൊടുത്തത്. അയാൾക്ക് മുതലാളി പണവും കൊടുത്തു. ഇതാണ് യഥാർഥ സംഭവം.

**സി.കെ മൊയ്തു**
**പിണങ്ങോട്**

# പാർശ്വവത്കരിക്കപ്പെട്ടവർ ഒന്നിക്കണം

ആഗോളവ്യാപകമായി മുസ്‌ലിംസമൂഹം ക്രൂരമായ പീഡനങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ദുഃഖകരമായ രാഷ്ട്രീയ-സാമൂഹിക സാഹചര്യമാണല്ലോ നിലവിലുള്ളത്. ദൈനംദിനം നൂറുകണക്കിന് മുസ്‌ലിം സഹോദരന്മാർ മുതലാളിത്ത-സാമ്രാജ്യത്വ-അധിനിവേശശക്തികളുടെ കടന്നാക്രമണ ഫലമായി കൊല്ലപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ ദുരവസ്ഥക്ക് ഒരു പരിഹാരവും അന്ത്യവുമില്ലേ? ഭൂഖണ്ഡങ്ങൾ വെട്ടിപ്പിടിച്ച്, അധികാരവും സമ്പത്തും മേധാവിത്വവും ആർജിച്ച് ആർഭാടത്തിലും സുഖലോലുപതയിലും ജീവിക്കുന്ന അമേരിക്കൻ-ആംഗ്ലോ-സയണിസ്റ്റ് ദുഷ്ടശക്തികളുടെ ലോകമേധാവിത്വം അവസാനിപ്പിക്കേണ്ടത് മനുഷ്യസ്നേഹികളുടെയും ദൈവവിശ്വാസികളുടെയും കർത്തവ്യവും കടമയും ധർമവുമായി മാറിയിരിക്കുന്നു.

പ്രത്യയശാസ്ത്രങ്ങൾക്കുപരിയായി ഇന്ത്യയിലെ മുഴുവൻ വിപ്ലവ പ്രസ്ഥാന പ്രവർത്തകരും ബഹുജന സംഘടനകളും ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. പാർശ്വവത്കരിക്കപ്പെട്ട മുഴുവൻ ജനവിഭാഗങ്ങളുടെയും ഐക്യം അനിവാര്യമാണ്.

**കെ.സി ജയിംസ് കുന്നപ്പള്ളി, കോട്ടയം**